# നോർത്ത് പറവൂർ നഗരസഭ

R3-603/14

നോർത്ത് പറവൂർ
നഗരസഭ കാര്യാലയം
05/03/2014

## ടെണ്ടർ/ലേല പരസ്യം വ്യവസ്ഥകൾ

**കുത്തക കാലാവധി 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ ഒരു വർഷക്കാലത്തേക്കായിരിക്കും**

1. ലേലത്തിൽ പങ്കെടുക്കുന്നവർ, തിരിച്ചറിയൽ കാർഡ്. പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിലേതെങ്കിലിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.
2. നിലവിലുള്ള കുത്തകക്കാരിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കും, ഏതെങ്കിലും കാരണവശാൽ കുത്തക റദ്ദു ചെയ്യപ്പെട്ടിട്ടുള്ളവർക്കും, കൗൺസിൽ നിരോധിച്ചിട്ടുള്ളവർക്കും, സോൾവൻസി സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരന്റി ഇല്ലാത്തവർക്കും, ക്രിമിനൽ കേസുകളിൽ പ്രതികളായവർക്കും, ശിക്ഷ (കോടതി വിധി പ്രകാരം) അനുഭവിച്ചിട്ടുള്ളവർക്കും, മറ്റേതെങ്കിലും വിധത്തിൽ കോടതി വിലക്ക് കല്പിച്ചിട്ടുള്ളവർക്കും, പാപ്പരായി പ്രഖ്യാപിച്ചിട്ടുള്ളവർക്കും ടെണ്ടറിൽ/ ലേലത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
3. ടെണ്ടർ/ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അതാത് ഇനത്തിന് എതിരെ കാണിച്ചിട്ടുള്ള നിരതദ്രവ്യം മുനിസിപ്പൽ ഓഫീസിൽ ഒടുക്കിയ രസീതും മുൻ ലേല തുക പ്രകാരമുള്ള സോൾവൻസി സർട്ടിഫിക്കറ്റും ഹാജരാക്കിയിരിക്കേണ്ടതാണ്. ടെണ്ടർ / ലേലം ഉറപ്പിക്കപ്പെടുന്ന ആളിന്റെ നിരതദ്രവ്യം കുത്തക കാലാവധിക്കു ശേഷം കുത്തകക്കാരനിൽ നിന്നും യാതൊരു വിധ ബാദ്ധ്യതയും ഇല്ലെന്ന് കാണുന്ന പക്ഷം തിരികെ നൽകുന്നതുമാണ്. എല്ലാ ലേലത്തിലും പങ്കെടുക്കുന്നവർ കഴിഞ്ഞ വർഷം എല്ലാ കുത്തകകളും ലേലത്തിൽ പോയ തുകകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
4. ടെണ്ടർ/ലേലം ഉറപ്പിക്കുന്നയാൾ കുത്തക സംഖ്യയുടെ മൂന്നിൽ ഒന്ന് ഭാഗം അന്നു തന്നെ ഒടുക്കുകയും നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ കുത്തക നടത്തിപ്പിന്റെ ഉറപ്പിലേക്ക് സെക്രട്ടറി നിശ്ചയിക്കുന്ന വ്യവസ്ഥകളും ഈ പരസ്യത്തിലെ നിബന്ധനകളും ഉൾക്കൊള്ളിച്ച് ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിവു കിട്ടി ഏഴു ദിവസത്തിനകം ഉടമ്പടി വച്ചിരിക്കേണ്ടതും ടെണ്ടർ/ലേല തുകക്ക് തുല്യമായ തുകക്കുള്ള സെൽവൻസിയും ഹാജരാക്കേണ്ടതാണ്. ബാക്കി സംഖ്യ 2014 നവംബർ മാസം വരെ എട്ടു തുല്യ ഗഡുക്കളായി അതാതു മാസം 15–ാം തീയതിക്കകമായി മുൻകൂർ ആയി അടച്ചിരിക്കേണ്ടതുമാണ്. നിശ്ചിത സമയ പരിധിക്കകം മൂന്നിലൊന്ന് സംഖ്യ അടക്കാതെയും ഉടമ്പടി വയ്ക്കാതെയും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാതേയും വീഴ്ച വരുത്തുന്നവരുടെ കുത്തക മറ്റൊരറിയിപ്പു കൂടാതെ തന്നെ റദ്ദു ചെയ്യുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി കുത്തക മറിച്ച് ലേലം ചെയ്ത് കൊടുക്കുകയോ, കൗൺസിലിന് യുക്തമെന്ന് തോന്നുന്ന വിധത്തിൽ നടത്തുകയോ ചെയ്യുന്നതും അതു പ്രകാരം ലാഭമുണ്ടായാൽ ആദ്യ കുത്തകക്കാരന് അവകാശമില്ലാത്തതുമാകുന്നു. അതാതു മാസം നിശ്ചിത തീയതിക്കകം തവണ സംഖ്യ അടയ്ക്കാതെ വീഴ്ച വരുത്തുന്ന പക്ഷം 1% പ്രതിമാസ പിഴ വലിശ സഹിതം അടുത്ത മാസം അവസാന തീയതിക്കകം അടയ്ക്കേണ്ടതും തുടർച്ചയായി 3 മാസം വരെ ഗഡു അടയ്ക്കാത്തവരുടെ കരാർ റദ്ദു ചെയ്ത് കുത്തകക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കുത്തക മറിച്ച് ലേലം ചെയ്യുന്നതിനോ ഫീസ് പിരിവിന് യുക്തമെന്ന് തോന്നുന്ന ഇതര നടപടികൾ സ്വീകരിക്കേണ്ടതിനോ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
5. ഏതെങ്കിലും ഇനത്തിന് 1,00,000/- രൂപയോ അതിൽ കുറവോ ആയ സംഖ്യക്ക് കുത്തക ഉറപ്പിച്ചുകിട്ടുന്നവർ ലേല സംഖ്യ മുഴുവനും ലേലം ഉറപ്പിച്ച ദിവസം തന്നെ ആഫീസിൽ അടയ്ക്കേണ്ടതും നിശ്ചിത ഫാറത്തിൽ ഉടമ്പടി വച്ചിരിക്കേണ്ടതുമാണ്.
6. ഫീസ് പിരിവിൽ യാതൊരു വിധ ക്രമക്കേടും കാണിക്കുവാൻ കുത്തകക്കാരന് അവകാശമില്ലാത്തതും ക്രമക്കേട് സംഭവിച്ചതായി ബോധ്യപ്പെടുന്ന പക്ഷം കുത്തക റദ്ദു ചെയ്യുന്നതിനോ നിയമാനുസൃതമായ പിഴ ഈടാക്കുന്നതിനോ ഏതാണ് യുക്തമെന്ന് തോന്നുന്നത് അപ്രകാരം പ്രവർത്തിക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും അതനുസരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനുമായിരിക്കുന്നതുമാണ്.
7. ഫീസ് പിരിവിന് കുത്തകക്കാരൻ രസീത് കൊടുക്കേണ്ടതും ടി രസീതിൽ മുനിസിപ്പൽ ഓഫീസ് മുദ്ര വച്ചിരിക്കേണ്ടതുമാണ്. ടി രസീതിന്റെ കുറ്റികൾ കുത്തകക്കാരൻ സൂക്ഷിക്കേണ്ടതും സെക്രട്ടറി ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. ഫീസ് പിരിവ് സംബന്ധിച്ച് ഏതെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം മുനിസിപ്പൽ സെക്രട്ടറിയുടേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ തീരുമാനം അനുസരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ കുത്തക നടത്തിപ്പ് സംബന്ധിച്ച് ഏതൊരവസരത്തിലും ആവശ്യമായ പരിശോധന നടത്തുന്നതിനും സെക്രട്ടറിക്കോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാർക്കോ അവകാശമുണ്ടായിരിക്കുന്നതും അതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനുമായിരിക്കുന്നതാണ്.
8. കുത്തകക്കാരന്റെ അധീനതയിൽ വിട്ട് തരുന്ന കെട്ടിടങ്ങൾക്കോ, വൈദ്യുതി ഉപകരണങ്ങൾക്കോ, മറ്റ് ഉപകരണങ്ങൾക്കോ യാതൊരു വിധ കേടുപാടുകളും വരുത്താതെ കുത്തക്കാരൻ സൂക്ഷിക്കേണ്ടതും ഏതെങ്കിലും നാശനഷ്ടങ്ങൾക്ക് ഇടവരുന്ന പക്ഷം നഗരസഭ നിശ്ചയിക്കുന്ന നഷ്ടപരിഹാരം ഒടുക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

9. നഗരസഭ വക സ്ഥലങ്ങളിലോ മാർക്കറ്റുകളിലോ, സ്റ്റാളുകളിലോ മറ്റു സ്ഥാപനങ്ങളിലോ യാതൊരു വിധ കൂട്ടിച്ചേർക്കലുകളോ ചമയങ്ങളോ, ഭേദഗതികളോ അറ്റകുറ്റപ്പണികളോ നടത്തുവാൻ കുത്തകക്കാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല. നിയമാനുസൃതമല്ലാതെ അപ്രകാരം വല്ല പ്രവർത്തികളും കുത്തകക്കാരൻ ചെയ്യുന്ന പക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ആഫീസിൽ നിന്ന് നേരിട്ട് അവ നീക്കം ചെയ്യുന്നതും അതിന് വേണ്ടി വരുന്ന എല്ലാവിധ ചെലവുകളും കുത്തകക്കാരനിൽ നിന്നും വസൂലാക്കുന്നതാണ്.
10. വൈദ്യുതി വിളക്കുകൾ, മോട്ടറുകൾ, വാട്ടർ കണക്ഷൻ എന്നിവ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ കാര്യത്തിൽ അതാതു മാസത്തെ കറന്റ് ചാർജ്ജ് / വാട്ടർ ചാർജ്ജ് മുതലായവ നിശ്ചിത സമയത്തിനകം ബന്ധപ്പെട്ട കുത്തകക്കാരൻ അടച്ചിരിക്കേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം കുത്തകക്കാരനിൽ നിന്നും ടി സംഖ്യ ഈടാക്കുന്നതും ആവശ്യമെങ്കിൽ മുനിസിപ്പൽ കരം പിരിവ് നിയമമനുസരിച്ചുള്ള നടപടിക്രമം വഴി ടി സംഖ്യ ഈടാക്കുന്നതിന് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാകുന്നു. കറന്റ് ചാർജ്ജ്/വാട്ടർ ചാർജ്ജ് ഒടുക്കുന്നതിന്റെ ഉറപ്പിലേക്ക് അതാത് കുത്തകക്കാരൻ 1000 രൂപ വീതം സെക്യൂരിറ്റി അടച്ചിരിക്കേണ്ടതും കുത്തക കാലാവധി കഴിഞ്ഞ് 6 മാസത്തിനകം ബാദ്ധ്യത ഒന്നും ഇല്ലെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ടി സംഖ്യ തിരികെ നൽകുന്നതുമായിരുക്കും. ആയതിനാൽ കെ എസ് ഇ ബി/വാട്ടർ അതോറിറ്റി അധികൃതരിൽ നിന്നും ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് കുത്തകക്കാരന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്.
11. കരാർ അനുസരിച്ച് കുത്തകക്ക് ഏറ്റെടുക്കുന്ന തുറന്ന സ്റ്റാളുകൾക്ക് യാതൊരു കാരണവശാലും അടച്ച് പൂട്ടലുകൾ ഉണ്ടാക്കുന്നതിന് അനുവദിക്കുന്നതല്ല.
12. ഏതെങ്കിലും മുറി തക്കതായ കാരണം കൂടാതെ തുടർച്ചയായി ഒരാഴ്ചയിൽ കൂടുതൽ അടച്ചിട്ടിരുന്നാൽ ഉടമ്പടിയിലെ അറിയപ്പെടുന്ന അഡ്രസ്സിൽ നോട്ടീസ് നൽകി തുറന്ന് പരിശോധിക്കുന്നതിനും മേൽ നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിക്കോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരമുണ്ടായിരിക്കും.
13. കുത്തകക്ക് ഏറ്റെടുക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും സ്ഥലങ്ങളുടേയും ശുചീകരണ പ്രവർത്തനങ്ങൾ കുത്തകക്കാരൻ നേരിട്ട് ചെയ്യേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം കുത്തകക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മുനിസിപ്പാലിറ്റിയിൽ നിന്നും നിർവഹിക്കുന്നതും അതിനുവേണ്ടി വരുന്ന ചെലവ് കുത്തകക്കാരനിൽ നിന്ന് ഈടാക്കുന്നതുമാണ്.
14. ചന്തകളിൽ ഓരോ ഇനങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ വച്ച് മാത്രമേ അതാതിനങ്ങൾ വില്പന നടത്തുവാൻ കച്ചവടക്കാർക്ക് അവകാശം ഉണ്ടായിരിക്കുകയൊള്ളൂ. സെക്രട്ടറിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം പ്രസ്തുത സ്ഥാപനങ്ങൾ പുനർ നിർണ്ണയം ചെയ്യുന്നതും അതനുസരിക്കുവാൻ കുത്തകക്കാരനും കച്ചവടക്കാരനും ബാധ്യസ്ഥനായിരിക്കുന്നതുമാണ്. അക്കാരണത്താൽ യാതൊരു വിധ നഷ്ടപരിഹാരത്തിനും കുത്തകക്കാരനോ, കച്ചവടക്കാർക്കോ അവകാശമുണ്ടായിരിക്കുന്നതല്ല.
15. ചന്തകളിൽ വില്പനയ്ക്ക് സാധനങ്ങൾ കൊണ്ടുവരുന്ന എല്ലാ ദിവസവും പട്ടിക അനുസരിച്ച് ഫീസ് പിരിവ് നടത്തുന്നതിന് കുത്തകക്കാരന് അവകാശമുണ്ടായിരിക്കുന്നതാണ്.
16. ചന്തയ്ക്കിരുവശമുള്ള കടകളിലേക്ക് മതിയായ രേഖകൾ സഹിതം കൊണ്ടു പോകുന്ന സാധനങ്ങൾക്ക് ഫീസ് പിരിക്കുവാൻ പാടുള്ളതല്ല. എന്നാൽ മേൽ പറഞ്ഞ കടകളിൽ വില്പന നടത്തുന്നതിന് കൊണ്ടുപോകുന്ന അരിയ്ക്കും മറ്റു ഭക്ഷ്യ ധാന്യങ്ങൾക്കും തെളിവ് രേഖകൾ ഒന്നും തന്നെ ആവശ്യമില്ലാത്തതാകുന്നു.
17. കുത്തകയ്ക്ക് ഏറ്റെടുത്തിട്ടുള്ള സ്ഥലം സ്ഥാപനം അതാതിനങ്ങൾക്കല്ലാതെ മറ്റൊരാവശ്യത്തിനും ഉപയോഗിക്കുവാൻ പാടുള്ളതല്ല.
18. ലഹള,കൊള്ള, പ്രകൃതിക്ഷോഭം, സർക്കാർ അധികാരികളിൽ നിന്നുള്ള ഉത്തരവുകൾ, അഗ്നിബാധ, പൊട്ടിത്തെറികൾ പട്ടാള മേധാവികളുടേയോ, ജില്ലാ അധികൃതരുടേയോ നിർദ്ദേശങ്ങൾ തുടങ്ങിയ ഇതര അവിചാരിത കാരണങ്ങളാലോ, പകർച്ചവ്യാധി തടയുന്നതിനോ ഏതൊരു കുത്തക സ്ഥലവും താത്കാലികമായി അടച്ചിടുന്നതിന് മുനിസിപ്പൽ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും, നഷ്ടപരിഹാരത്തിന് കുത്തകക്കാരന് അവകാശം ഇല്ലാത്തതുമാണ്.
19. കരാർ സ്ഥലങ്ങളിലുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതു മൂലമോ, അറ്റകുറ്റപ്പണികൾ നടത്തുന്നതുമൂലമോ, യാതൊരു വിധ നഷ്ടപരിഹാരവും ലഭിക്കുവാൻ കുത്തകക്കാരന് അർഹത ഉണ്ടായിരിക്കുന്നതല്ല.
20. കുത്തക ഏറ്റെടുത്ത ശേഷം കൗൺസിൽ അനുവാദമില്ലാതെ കുത്തക കൈമാറ്റം ചെയ്യുന്നതിനോ കീഴ് കുത്തകയ്ക്ക് കൊടുക്കുന്നതിനോ കുത്തകക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല.
21. കുത്തകക്കാർ പിരിവിന് നിയോഗിക്കുന്ന ഏജന്റുമാരുടെ പേരു വിവരം മുൻകൂട്ടി സെക്രട്ടറിക്ക് സമർപ്പിച്ച് രേഖാമൂലമായ അംഗീകാരം വാങ്ങിച്ചിരിക്കേണ്ടതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന ഏജന്റുമാരുയെ എല്ലാ നടപടിയ്ക്കും കുത്തകക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതും ഏജന്റ്മാരിൽ നിന്നും ഏതെങ്കിലും അനാശാസ്യ നടപടികൾ ഉണ്ടായാൽ കുത്തകക്കാരനും, ഏജന്റുമാരും കൂട്ടായി സെക്രട്ടറി നിശ്ചയിച്ചിരിക്കുന്ന ശിക്ഷണ നടപടികൾക്ക് വിധേയരാകേണ്ടതുമാകുന്നു.
22. ആരോഗ്യത്തിന് ഹാനികരമായ സാധനങ്ങളും, പകർച്ച വ്യാധികൾ ബാധിച്ച രോഗികൾ കൊണ്ടുവരുന്ന സാധനങ്ങളും വിൽക്കുന്നത് തടയുന്നതിന് സെക്രട്ടറിയ്ക്കോ, ഹെൽത്ത് വിഭാഗം ജീവനക്കാർക്കോ പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുവാൻ കുത്തകക്കാരൻ ബാധ്യസ്ഥനാണ്.
23. ബസ് സ്റ്റാന്റ് യാർഡിലും ചന്തകൾക്ക് അകത്തും മരാമത്ത് വേലകൾക്ക് വേണ്ടിയോ, പുതിയ നിർമ്മാണങ്ങൾക്ക് വേണ്ടിയോ നിലവിലുള്ള കെട്ടിടങ്ങൾക്ക് ഭേദഗതി വരുത്തുന്നതിനോ, പൊളിച്ചു നീക്കം ചെയ്യുന്നതിനോ നഗരസഭയ്ക്ക് അധികാരവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കുന്നതും അക്കാരണത്താൽ നഷ്ടപരിഹാരം ആവശ്യപ്പെടുവാൻ കുത്തകക്കാരന് അവകാശമില്ലാത്തതുമാകുന്നു.

24. കുത്തക നടപ്പ് വർഷത്തിനിടയിൽ എപ്പോഴെങ്കിലും കുത്തകയിൽപ്പെടുന്ന സ്ഥലമോ, സ്ഥാപനമോ, ഒഴിവായി പ്രഖ്യാപിക്കുന്നതിനോ, കുത്തകയിൽപ്പെട്ട വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിനോ , കൗൺസിലിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും അക്കാരണത്താൽ നഷ്ടപരിഹാരം ആവശ്യപ്പെടുവാൻ കുത്തകക്കാരന് അവകാശമില്ലാത്തതുമാകുന്നു.
25. ചന്തകളുടേയും ബസ് സ്റ്റാന്റുകളുടേയും മറ്റും നടത്തിപ്പ് ക്രമീകരിക്കുന്നതിന് ആവശ്യമെന്ന് നഗരസഭയ്ക്ക് തോന്നുന്ന നിർദ്ദേശങ്ങൾ കുത്തകക്കാരന് അപ്പോഴപ്പോൾ നൽകുന്നതും അവ നടപ്പാക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനുമാണ്.
26. സാധനങ്ങൽ ശേഖരിക്കുകയും വ്യാപാരം ചെയ്യുകയും ഒഴികെയുള്ള മറ്റ് യാതൊരാവശ്യത്തിനും ചന്ത സ്ഥലം ഉപയോഗിക്കുവാൻ പാടില്ലാത്തതും വിപരീതമായി പ്രവർത്തിക്കുന്നവർ സെക്രട്ടറിയെടുക്കുന്ന ശിക്ഷണ നടപടികൾക്ക് വിധേയരാകുന്നതുമായിരിക്കും.
27. ചന്തകൾക്ക് അകത്ത് വ്യാപാരം ചെയ്യുന്നവർ മുനിസിപ്പൽ നിയമം അനുസരിച്ചുള്ള ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരാണ്.
28. ടെണ്ടർ/ലേല വ്യവസ്ഥകൾക്കോ, ഉടമ്പടി വ്യവസ്ഥകൾക്കോ ഉപനിയമങ്ങൾക്കോ വിപരീതമായി കുത്തകക്കാരൻ പ്രവർത്തിക്കുന്ന പക്ഷം ആദ്യ കുറ്റത്തിന് 250/- രൂപ വരെയും ആവർത്തനങ്ങൾക്ക് പ്രതിദിനം 50/- രൂപ വീതവും പിഴ ഇടുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
29. കരാറുകാരൻ മരണപ്പെടുകയോ , കടപ്പെടുകയോ നിർദ്ധനനാവുകയോ , സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതായി വരികയോ ചെയ്താൽ കുത്തകക്കാരന്റെ നിയമാനുസൃതമുള്ള അവകാശിക്കോ , അവകാശികൾക്കോ മുനിസിപ്പൽ കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുവാദ പ്രകാരം ഈ വ്യവസ്ഥകൾക്കും കൗൺസിൽ നിശ്ചയിക്കുന്ന മറ്റു വ്യവസ്ഥകൾക്കും വിധേയമായി ഉടമ്പടി പ്രകാരമുള്ള കുത്തക തുടർന്ന് നടത്താവുന്നതാണ്. ഇക്കാര്യത്തിൽ അവകാശികൾ തമ്മിൽ തർക്കമുണ്ടായാൽ കൗൺസിൽ എടുക്കുന്ന തീരുമാനം അന്തിമവും ആയത് അംഗീകരിക്കുവാൻ അവകാശികൾ ബാദ്ധ്യസ്ഥരുമായിരിക്കും
30. കുത്തക സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഭിക്ഷക്കാരും , സാംക്രമിക രോഗമുള്ളവരും പ്രവേശിക്കാതെ സൂക്ഷിക്കേണ്ടതും കുത്തകക്കാരന്റെ ചുമതലയാണ്.
31. കുത്തക വ്യവസ്ഥകൾ പ്രകാരവും അതോടനുബന്ധിച്ചും നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതൊരു സംഖ്യയും നഷ്ടപരിഹാരവും യഥാസമയം അടച്ച് തീർക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്. വീഴ്ച്ച വരുത്തുന്ന പക്ഷം കേരള മുനിസിപ്പൽ നികുതി പിരിവ് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കുത്തക റദ്ദ് ചെയ്യുന്നതിനും സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
32. കുത്തക കാലങ്ങളിൽ കുത്തകക്കാരൻ ഏതെങ്കിലും ക്രിമിനൽ കേസിൽ പ്രതിയാവുകയോ, കോടതി ശിക്ഷയ്ക്ക് വിധേയനാവുകയോ ചെയ്യുന്ന പക്ഷം കുത്തക റദ്ദ് ചെയ്യുന്നതിനും ഫീസ് പിരിവ് മറിച്ച് ടെണ്ടർ / ലേലം വഴി നൽകുകയോ സെക്രട്ടറിക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.
33. ഏതെങ്കിലും കാരണവശാൽ കുത്തക കാലാവധിയ്ക്കുള്ളിൽ കുത്തക ദുർബലപ്പെടുത്തുകയാണെങ്കിൽ കുത്തകക്കാരൻ കുത്തക ഉടമ്പടി ഒഴിഞ്ഞ് തരേണ്ടതും അപ്രകാരം കുത്തക ഒഴിഞ്ഞ് തരാത്ത പക്ഷം സെക്രട്ടറിക്കോ , അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ , കുത്തകക്കാരന്റെ സമ്മതത്തോടു കൂടിയോ അല്ലാതെയോ കുത്തക ഒഴിപ്പിച്ച് സ്ഥലം കൈവശപ്പെടുത്തുവാൻ അധികാരമുള്ളതും അതിൻമേൽ ഉണ്ടാകുന്ന എല്ലാ വിധ ചെലവ് നഷ്ടവും കുത്തകക്കാരനിൽ നിന്ന് വസൂൽ ചെയ്യാവുന്നതുമാണ്.
34. ബന്ദ് , പൊതു പണിമുടക്ക് , തുടങ്ങിയ , കാരണങ്ങളാൽ ഫീസ് പിരിവ് നടക്കാതെ വരുന്ന പക്ഷം യാതൊരു വിധ നഷ്ടപരിഹാരത്തിനും കുത്തകക്കാർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.
35. ഈ വ്യവസ്ഥയിൽ ഏതൊരവസരത്തിലും മാറ്റം വരുത്തുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ മുനിസിപ്പൽ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
36. ഏതൊരു കുത്തകക്കാരനും കുത്തക വ്യവസ്ഥകൾ ലംഘിക്കുകയോ, ഉടമ്പടി വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത കുത്തക അതാത് കുത്തകക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്ത് ഫീസ് പിരിവിന് മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
37. ദു:ഖവെള്ളിയാഴ്ച ചന്ത ഉണ്ടായിരിക്കുന്നതല്ല. പകരം അടുത്ത ദിവസം ശനിയാഴ്ച ചന്ത ഉണ്ടായിരിക്കുന്നതാണ്. അന്ന് ഫീസ് പിരിക്കാൻ കുത്തകക്കാരന് അവകാശമുണ്ടായിരിക്കും.
38. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ മാസ വാടക ലൈസൻസ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള എല്ലാ ലൈസൻസികളും ഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്കിൽ സർവ്വീസ് ടാക്സ് കൊടുക്കേണ്ടതാണ്.
39. കുത്തകക്കാർ രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.

1,00,000/- രൂപയിൽ കൂടുതൽ ലേലം വിളികേൾക്കുന്ന ഇതര ഇനങ്ങളുടെ സോൾവൻസി സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരന്റി ഉടമ്പടി വയ്ക്കുന്നതോടൊപ്പം ഹാജരാക്കിയിരിക്കേണ്ടതാണ്, അല്ലാത്ത പക്ഷം കുത്തക റദ്ദു ചെയ്യുന്നതും, ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റ് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

NB: ദേശസാൽകൃത/ഷെഡ്യൂൾ ബാങ്കുകളുടേയോ ജില്ലാ സഹകരണ ബാങ്കുകളുടെയോ ഗ്യാരന്റി മാത്രമേ അംഗീകരിക്കുകയുള്ളൂ.

## പട്ടിക

1. **സസ്യ ചന്ത** ലേലത്തിൽ പങ്കെടുക്കുവാൻ കെട്ടിവയ്ക്കേണ്ട നിരത ദ്രവ്യം 5000/- രൂപ.
(ചൊവ്വ വെള്ളി ദിവസങ്ങളിൽ)

| ഫീസ് നിരക്ക് | രൂപ | പൈസ |
|---|---|---|
| 1. കൈച്ചുമട് | 1 | 00 |
| 2. തലച്ചുമട് | | |
| (1) മുട്ട കുട്ട 1 ന് | 4 | 00 |
| മുട്ട 300 ൽ കൂടുതൽ | 5 | 00 |
| (2) ചെറുനാരങ്ങ ചാക്ക് 1 ന് | 5 | 00 |
| മധുരനാരങ്ങ കുട്ട 1 ന് 200 ൽ കുറവ് | 2 | 00 |
| മധുരനാരങ്ങ കുട്ട 1 ന് 200 ൽ കൂടുതൽ | 5 | 00 |
| (3) നെല്ലിക്ക ചാക്ക് ഒന്നിന് | 5 | 00 |
| (4) മറ്റു സാധനങ്ങൾ കുട്ട 1 ന് 25 കി ഗ്രാം വരെ | 2 | 00 |
| മറ്റു സാധനങ്ങൾ കുട്ട 1 ന് 25 കി ഗ്രാമിൽ കൂടുതൽ 75 കി ഗ്രാം വരെ | 5 | 00 |
| മറ്റു സാധനങ്ങൾ കുട്ട 1 ന് 75 കി ഗ്രാമിൽ കൂടുതൽ | 10 | 00 |
| (5) നാളികേരം നൂറ്റിക്ക് | 10 | 00 |
| (6) പായ, പനമ്പ് 20 എണ്ണം കെട്ട് | 4 | 00 |
| (7) റൊട്ടി, ബിസ്കറ്റ് കുട്ട 1 ന് | 4 | 00 |
| (8) മിഠായി 10 കി ഗ്രാം പെട്ടി 1 ന് | 4 | 00 |
| (9) അടയ്ക്ക 1000 ന് | 5 | 00 |
| 3. ധാന്യങ്ങൾ 10 കിലോയ്ക്കും അതിന്റെ അംശത്തിനും | 1 | 00 |
| 4. കായകൾ കുല 1 ന് | 1 | 00 |
| ചക്ക 1 ന് | 1 | 00 |
| 5. വള്ളത്തിലോ ലോറിയിലോ വരുന്ന സാധനങ്ങൾ കിഴങ്ങു വർഗ്ഗങ്ങളും കായ ഒഴിച്ചുള്ള പച്ചക്കറികളും ടൺ 1 ന് | 15 | 00 |
| 6. ശർക്കര 50 കി ഗ്രാം വരെ ചാക്ക് 1ന് | 5 | 00 |
| 7. ചക്കര 50 കി ഗ്രാം വരെ പെട്ടിയോ കുട്ടയോ 1 നും അതിന്റെ അംശത്തിനും | 5 | 00 |
| 8. ചന്തയിൽ കടത്തിക്കൊണ്ട് വരുന്ന എണ്ണത്തരങ്ങൾ 18 ലിറ്റർ ഉള്ള ടിൻ 1 ന് | 5 | |
| ചന്തയിൽ കടത്തിക്കൊണ്ടു വരുന്ന എണ്ണത്തരങ്ങൾ വലിയ ബാരൽ 1 ന് | 1 | 00 |
| 9. (1) സോഡ, മോര് മുതലായ പാനീയങ്ങൾ കൊണ്ട് നടന്ന് വിൽപ്പന നടത്തുന്നതിന് | 1 | 00 |

(2) ടി.മരുന്ന് വിൽപ്പനയ്ക്ക് 1 00

## 2. **<u>ടൗൺ ഹാൾ കാന്റീൻ</u>** നിരതദ്രവ്യം 500/- രൂപ

ടൗൺ ഹാൾ കാന്റീൻ നടത്തിപ്പു സംബന്ധിച്ചുള്ള പ്രത്യേക നിബന്ധനകൾ -

1. പഴങ്ങൾ, പൊതിഞ്ഞു സൂക്ഷിക്കുന്ന ലഘുഭക്ഷണ സാധനങ്ങൾ എന്നിവ മാത്രമേ കച്ചവടം ചെയ്യാൻ പാടുള്ളൂ
2. ചായ, കാപ്പി മുതലായവ മാത്രമേ കാന്റീനിൽ വച്ച് പാകം ചെയ്യാൻ അനുവദിക്കുകയുള്ളു.
3. പുക വമിക്കുന്ന രീതിയിലുള്ള അടുപ്പുകൾ കാന്റീനിൽ ഉപയോഗിക്കുമ്പോൾ പാടില്ലാത്തതാകുന്നു
4. കുത്തകക്കാരൻ കാന്റീൻ കൗണ്ടറിൽ വിൽക്കുവാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ ലിസ്റ്റ് ഈ ആഫീസിൽ നിന്ന് അംഗീകരിച്ചിട്ടുള്ളതായിരിക്കണം.
5. വിൽപ്പന സാധങ്ങൾ ടൗൺഹാളിനകത്ത് കുത്തകക്കാരനോ ഏജന്റ്മാരോ വിൽപ്പന നടത്തുവാൻ പാടുള്ളതല്ല.
6. സാധനങ്ങളുടെ വില വിവരം കാന്റീനിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.
7. ടൗൺഹാളിൽ പരിപാടികൾ ആരംഭിക്കുന്നതിനു 2 മണിക്കൂർ മുമ്പ് മുതൽ പരിപാടി കഴിഞ്ഞ് 1 മണിക്കൂർ വരെ മാത്രമേ കന്റീൻ തുറന്ന് പ്രവർത്തിപ്പിക്കുവാൻ അനുവദിക്കുകയുള്ളു.
8. കാന്റീൻ പ്രവർത്തനത്തിനല്ലാതെ മറ്റൊരാവശ്യത്തിന് കാന്റീൻ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

## 3. <u>ബസ് സ്റ്റാന്റ്</u>

ലിമിറ്റഡ് സ്റ്റോപ്പ് ബസ് സ്റ്റാന്റ് ഉൾപ്പടെ (സർക്കാർ, മുനിസിപ്പാലിറ്റി, കെ എസ് ആർ ടി സി എന്നിവയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ ഒഴികെ) ബസുകളുടെ സമയം വിളിച്ചു പറയുന്ന സേവനം ഉൾപ്പടെ ലേലത്തിൽ പങ്കെടുക്കുവാൻ കെട്ടിവയ്ക്കേണ്ട നിരതദ്രവ്യം **25000/-രൂപ.**

മുനിസിപ്പൽ ബസ് സ്റ്റാന്റിൽ നിന്നും പുറപ്പെട്ട് ബസ് സ്റ്റാന്റിൽ വന്നു ചേരുന്ന ബസ് ഒന്നിന് അർദ്ധരാത്രി 12 മണി മുതൽ അടുത്ത അർദ്ധരാത്രി 12 മണിക്ക് അവസാനിക്കുന്ന ഒരു ദിവസത്തിനോ ഭാഗത്തിനോ = രൂപ 15.00

മുനിസിപ്പൽ ബസ് സ്റ്റാന്റ് ഉപയോഗിക്കുന്നതിനും എന്നാൽ ബസ് സ്റ്റാന്റ് വഴി കടന്നു പോകുന്നതുമായ ബസ് ഒന്നിന് അർദ്ധരാത്രി 12 മണിമുതൽ അടുത്ത അർദ്ധരാത്രി 12 മണിക്ക് അവസാനിക്കുന്ന ഒരു ദിവസത്തിനോ ഭാഗത്തിനോ = രൂപ 15.00

**4.പറവൂർ താലൂക്ക് ആശുപത്രി കോമ്പൗണ്ടിൽ മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റിന് അഭിമുഖമായി നഗരസഭ പണി കഴിപ്പിച്ചിട്ടുള്ള കംഫർട്ട് സ്റ്റേഷന്റെ ഫീസ് പിരിവ് -** നിരതദ്രവ്യം 5000/-

കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ചും ഉള്ള ലേല വ്യവസ്ഥകൾ.

1. കംഫർട്ട് സ്റ്റേഷൻ പൊതുജനങ്ങളുടെ ആവശ്യത്തിന് രാവിലെ 4 മണി മുതൽ രാത്രി 11 മണിവരെ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
2. കംഫർട്ട് സ്റ്റേഷനും പരിസരങ്ങളും സെപ്റ്റിക് ടാങ്കും ക്ലീൻ ചെയ്ത് കുത്തകക്കാരന്റെ ചിലവിൽ എപ്പോഴും വൃത്തിയായും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് സെക്രട്ടറിയുടേയും ശുചീകരണ വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാരുടേയും അതാതു സമയങ്ങളിലുള്ള നിർദ്ദേശങ്ങൾ കുത്തകക്കാരൻ നടപ്പാക്കേണ്ടതാണ്.
3. നിശ്ചിത നിരക്കിലുള്ള ഫീസുകൾ മാത്രമേ ഈടാക്കുവാൻ പാടുള്ളൂ. ആയതിന് മുനിസിപ്പൽ മുദ്ര പതിപ്പിച്ച രസീതുകൾ നൽകിയിരിക്കേണ്ടതാണ്. കംഫർട്ട് സ്റ്റേഷന്റെ മുൻവശം പൊതുജനങ്ങൾ കാണത്തക്ക വിധം നിരക്കുകൾ എഴുതിയ ബോർഡു വയ്ക്കേണ്ടതാണ്.
4. അവിചാരിതമായി പൈപ്പുകളിൽ വെള്ളം ലഭിക്കാതെയിരിക്കുകയാണെങ്കിൽ ആയതിന് മുനിസിപ്പാലിറ്റി യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല.

5. കംഫർട്ട് സ്റ്റേഷൻ നടത്തുന്നതിനാവശ്യമുള്ള സാധന സാമഗ്രികൾ എല്ലാം തന്നെ കുത്തകക്കാരൻ സ്വന്തം ചെലവിൽ വാങ്ങിയിരിക്കേണ്ടതാണ്.
6. കംഫർട്ട് സ്റ്റേഷന് അകത്തുള്ള മുനിസിപ്പൽ വസ്തുക്കൾക്ക് യാതൊരു കേടുപാടും ഉണ്ടാകാതെ കുത്തകക്കാരൻ സൂക്ഷിക്കേണ്ടതാണ്. എന്തെങ്കിലും ഉപകരണങ്ങൾക്ക് നാശനഷ്ടം വന്നാൽ ആയതിനുള്ള നഷ്ടം സെക്യൂരിറ്റി തുകയിൽ നിന്നും പിടിച്ചെടുക്കുന്നതും നഷ്ടം സെക്യൂരിറ്റി തുകയിൽ വസൂലാക്കുന്നതുമാണ്.
7. ഫീസ് പിരിവ് സംബന്ധിച്ച ലേലം നടത്തിയതിന്മേൽ കുത്തക അവകാശം ഉറപ്പിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതിന് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
8. നിലവിലുള്ള കംഫർട്ട് സ്റ്റേഷന്റെ ഫീസ് പിരിവ് ഒഴികെ കുത്തക നടത്തിപ്പ് സംബന്ധിച്ച് കൗൺസിൽ അംഗീകരിച്ചിട്ടുള്ള പൊതുലേല വ്യവസ്ഥകൾ കുത്തകക്കാരൻ ബാധകമായിരിക്കും.

കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നതിനുള്ള ഫീസ് പിരിവ്

| പട്ടിക | നിരക്ക് രൂപ |
|---|---|
| കുളിയൊന്നിന് (15 മിനിറ്റിൽ കൂടുവാൻ പാടില്ല) | 2.00 |
| ഒരാൾ ഒരു പ്രാവശ്യം കക്കൂസ് ഉപയോഗിക്കുന്നതിന് | 1.00 |
| ഒരാൾ ഒരു പ്രാവശ്യം കക്കൂസ് ഉപയോഗിക്കുന്നതിനും കുളിക്കുന്നതിനും കൂടി | 2.50 |

## 5.നഗരസഭ വക പ്രൈവറ്റ് ബസ്സ്റ്റാന്റിൽ പോപ്കോൺ മെഷീൻ സ്ഥാപിക്കൽ - ജൂസ് വില്പന

നിരതദ്രവ്യം– 3000 രൂപ

## 6.മുനിസിപ്പൽ മത്സ്യമാർക്കറ്റിൽ ഒഴിവുള്ള മുറികൾ

**<u>മത്സ്യമാർക്കറ്റ് സ്റ്റാൾ ലേലം</u>**

EMD .Rs 5000/-

ഗ്രൗണ്ട് ഫ്ളോർ മിനിമം ഡെപ്പോസിറ്റ് 1,00,000/-

| സ്റ്റാൾ നമ്പർ | | വിസ്തീർണ്ണം | റേറ്റ്/$m^2$ |
|---|---|---|---|
| 1 | III/229/1/2 | 7.5 $m^2$ | 200 രൂപ |
| 2 | III/229/1/5 | 7.5 $m^2$ | 200 രൂപ |
| 3 | III/229/1/6 | 7.5 $m^2$ | 200 രൂപ |
| 4 | III/229/1/7 | 7.5 $m^2$ | 200 രൂപ |
| 5 | III/229/1/8 | 7.5 $m^2$ | 200 രൂപ |
| 6 | | | |

ഫസ്റ്റ് ഫ്ളോർ മിനിമം ഡെപ്പോസിറ്റ് 75000/-

| സ്റ്റാൾ നമ്പർ | | വിസ്തീർണ്ണം | റേറ്റ്/$m^2$ |
|---|---|---|---|
| 1 | III/229/1/9 | 7.5 $m^2$ | 150 രൂപ |
| 2 | III/229/1/10 | 7.5 $m^2$ | 150 രൂപ |
| 3 | III/229/1/11 | 7.5 $m^2$ | 150 രൂപ (എസ് സി/എസ്ടി സംവരണ മുറി) |
| 4 | III/229/1/12 | 7.5 $m^2$ | 150 രൂപ |
| 5 | III/229/1/13 | 7.5 $m^2$ | 150 രൂപ |
| 6 | III/229/1/14 | 7.5 $m^2$ | 150 രൂപ |
| 7 | III/229/1/15 | 7.5 $m^2$ | 150 രൂപ |
| 8 | III/229/1/16 | 7.8 $m^2$ | 150 രൂപ |
| 9 | III/229/1/17 | 7.8 $m^2$ | 150 രൂപ |
| 10 | III/229/1/18 | 7.8 $m^2$ | 150 രൂപ |
| 11 | III/229/1/19 | 7.8 $m^2$ | 150 രൂപ |
| 12 | III/229/1/20 | 7.8 $m^2$ | 150 രൂപ |
| 13 | III/229/1/21 | 7.8 $m^2$ | 150 രൂപ |
| 14 | III/229/1/22 | 7.8 $m^2$ | 150 രൂപ (എസ് സി/എസ്ടി സംവരണ മുറി) |
| 15 | III/229/1/23 | 7.8 $m^2$ | 150 രൂപ |
| 16 | III/229/1/24 | 7.8 $m^2$ | 150 രൂപ |
| 17 | III/229/1/25 | 7.8 $m^2$ | 150 പ |

വെടിമറ ഷോപ്പിംഗ് കോംപ്ലക്സ്

ഫസ്റ്റ് ഫ്ളോർ- റൂം നമ്പർ-19 sc/st വിസ്തീർണ്ണം-123, നിരക്ക്-4.00, നിരതദ്രവ്യം-10000,

ഡിപ്പോസിറ്റ്-30000

**7..പെരുവാരം റേഡിയോകിയോസ്ക് ഇരിക്കുന്ന സ്ഥലം**

നിരതദ്രവ്യം - 5000/-

മുനിസിപ്പൽ സെക്രട്ടറി

നോർത്ത് പറവൂർ നഗരസഭ